# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

## 2015-16 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പികെഡി18/121/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

പാലക്കാട്

തീയതി-31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി18/121/2017 തീയതി – 31.01.2017

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-6-2016 മുതൽ 28-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.എൻ. വാസുദേവൻ,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 29-11-2016 മുതൽ 09-12-2016 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.വി.കൃഷ്ണ ദാസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.ചിത്തിരം പിള്ള | 1-04-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 18-11-2015 വരെ |
| ശ്രീമതി. ജിൻസി.എം | 19-11-2015 മുതൽ 31-3-2016 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.സി.നാരായണൻകുട്ടി,A.S (സെക്രട്ടറി-ഇൻ-ചാർജ്) | 1-4-2015 മുതൽ 22-4-2015 വരെ |
| ശ്രീ.പി.രാജു | 23-4-2015 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | പി.മനോജ്കുമാർ | 1-4-2015 മുതൽ 22-6-2015 വരെ |
| | എം.കെ.റോയ് | 23-6-2015മുതൽ 18-8-2015 വരെ |
| | വി.എച്ച്.അബ്ദുൾകരിം | 19-8-2015 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | എ.സി.സുധാകുമാരി | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ജെ.സാജു. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.ജനിൻ ജോസഫ് | 1-4-2015 മുതൽ 31-3-2016 വരെ |
| അസി.സെക്രട്ടറി | സി.നാരായണൻകുട്ടി | 1-4-2015 മുതൽ 15-11-2015 വരെ |
| | സി.എസ്.കൃഷ്ണകുമാർ | *16-11-2015 മുതൽ 31-3-2016 വരെ* |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2015-16 | 1/31-3-2015 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 29-7-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 04-12-2016 | അനുബന്ധമായിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 84491132 | 15650501 | 100141633 | 97187966 | 2953667 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 19830001 | *115366570 | 135196571 | 135196571 | 0 |
| വികസനഫണ്ട് (എസ്.സി.പി). | 100000 | 16168423 | 16268423 | 16268423 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 11010113 | 11010113 | 11010113 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1300144 | 315361 | 1613705 | 1613705 | 0 |
| സംരക്ഷണഗ്രാന്റ് | 1562882 | 621637 | 2184519 | 2184519 | 0 |

| | | | | | |
|---|---|---|---|---|---|
| (നോൺ റോഡ്) | | | | | |
| കെ.എൽ.എസ്.ജി.ഡി.പി | 149127 | 0 | 149127 | 149127 | 0 |
| 13- ധനകാര്യ കമ്മീഷൻ | 0 | 8531425 | 8531425 | 8531425 | 0 |
| MGNREGS | 29807 | 3000024 | 3029831 | 3029522 | 309 |
| ബി ഫണ്ട് | 0 | 3983647 | 3983647 | 3983647 | 0 |

*തൻവർഷം ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത തുകകൾ ഉൾപ്പടെ

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 138 | 144820471 | 43 | 21570963 | 0 | 95 | 14.89 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1384973 | 2168522 | 783549(+) |
| നികുതിയേതര വരവുകൾ | 144782 | 1982355 | 1837573(+) |
| മറ്റുവരവുകൾ | 31756 | 21313 | 10443(-) |
| ആകെ | 1561511 | 4172190 | 2631565 |

# 1-8 ക്ഷേമപദ്ധതികൾ

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 416 | 19200 |
| വിധവാപെൻഷൻ | 230 | 1566040 |
| വാർദ്ധക്യകാലപെൻഷൻ | 416 | 1978260 |
| വികലാംഗപെൻഷൻ | 51 | 412220 |
| അവിവാഹിത പെൻഷൻ | 1 | 5600 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-12-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 125/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ

രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി

നാളിതുവരെ രൂപീകരിച്ചിട്ടില്ല

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

# 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കുന്ന വൈദ്യുതിചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും

# 1-13 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ളപദ്ധതികളുടെനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

# 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-4-2013 to 13-4-2013 | 2008-09മുതൽ 2012-13 വരെ | 29-5-2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്. | ഈടാക്കേണ്ട അർദ്ധവർഷം. | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | മാനേജർ, എ.വി.ടി മണലാരു എസ്റ്റേറ്റ്, നെല്ലിയാമ്പതി | I&II | 2500 |
| 2 | സർവ്വീസ് സഹകരണ ബാങ്ക് നെല്ലിയാമ്പതി. | I&II | 2500 |
| 3 | സിൻഡിക്കേറ്റ് ബാങ്ക് നെല്ലിയാമ്പതി. | I&II | 2500 |
| 4 | വീ.കെ.ടി കോപ്പറേറ്റിവ് പ്രൈവറ്റ് ലിമിറ്റഡ്, ചന്ദ്രമല എസ്റ്റേറ്റ്. | I&II | 2500 |
| 5 | ഓറഞ്ച് വാലി, പുലയമ്പാറ | I&II | 2500 |
| 6 | ഓറിയന്റൽ എസ്റ്റേറ്റ്,. കൊച്ചിൻ പ്ലാന്റേഷൻസ് | I | 1250 |
| 7 | പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ്, സീതാർഗുണ്ട് | II | 1250 |

| | | | |
|---|---|---|---|
| 8 | ഗ്രീൻലാന്റ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് പലകപ്പാണ്ടി | II | 1250 |

ഇതുമായി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 05 തിയതി 07.12.16-ന മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി തുക 16250 രൂപ സ്ഥാപനങ്ങളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 തനതു വരുമാനം സൂക്ഷിക്കുന്നത് ഒന്നിലധികം അക്കൌണ്ടുകളിൽ- സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.

സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ/26-05-11 പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം.ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തരുത്.എന്നാൽ ഈ സർക്കുലറിന് വിപരീതമായി നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് നിക്ഷേപിക്കാനായി ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്.

i)ദി നെല്ലിയാമ്പതി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

അക്കൗണ്ട് നം.1647

ii)സിൻഡിക്കേറ്റ് ബാങ്ക്,കൈകാട്ടി

അക്കൗണ്ട് നം.44512200023440

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതേ പരാമർശം സൂചിപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെയായിട്ടും തനത്ഫണ്ട് ഒറ്റ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. തനത് വരുമാനം ഒരു അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവുകളും സർക്കുലറുകളും പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

# 2-3 കടമുറി വാടക ഈടാക്കുന്നതിലെ അപാകതകൾ

1ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോമ്പ്ലക്സിലെ കടമുറി വാടക ഈടാക്കയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോമ്പ്ലക്സിലെ ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം | കടമുറി നം | വാടക തുക ഒടുക്കാത്ത മാസം, സാമ്പത്തിക വർഷം | ഒടുക്കാനുള്ള വാടക തുക |
|---|---|---|---|---|
| 1 | കെ എസ് എഫ് ഡി സി നെല്ലിയാമ്പതി | XI/69 | ജൂലൈ - മാർച്ച് 2015-16 | 9*500=4500 |
| 2 | ചീഫ് അക്കൗണ്ട്സ് ഓഫീസർ ബി.എസ്.എൻ.എൽ നെല്ലിയാമ്പതി | - | ഒക്ടോബർ-മാർച്ച് 2015-16 | 6*2600=15600 |

| | | | | |
|---|---|---|---|---|
| 3 | കുമാരൻ<br>s/o മാരിയപ്പൻ<br>നൂറടി | XI/88 | ഏപ്രിൽ-മാർച്ച്<br>2015-16 | 12*5781=6936 |
| 4 | രാധിക w/o രവി<br>പുലയമ്പാറ | I/51 | ഏപ്രിൽ-മാർച്ച്<br>2015-16 | 12*2310=27720 |

ഇതുമായി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 06 തിയതി 07.12.16-ന മറുപടി ലഭ്യമാക്കിയില്ല. ഷോപ്പിങ്ങ് കോമ്പ്ലക്സിലെ മേൽസൂചിപ്പിച്ച വാടകക്കാരിൽ നിന്നും ഈടാക്കാനുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2 മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല

പഞ്ചായത്ത് വക ഷോപ്പിങ്ങ് കോമ്പ്ലക്സിലെ കടമുറികൾ 2015-16 വർഷം 16.03.2015 ലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം 10 % അധികം തുകയ്ക്ക് നിലവിലുള്ള വാടകക്കാർക്ക തന്നെ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

29-07-2015 ലെ 5959/LEG.A2/2015/LAW നോട്ടിഫിക്കേഷൻ പ്രകാരം പഞ്ചായത്ത് വക കടമുറികൾ ലേലം ചെയ്യുമ്പോഴും നിലവിലുള്ള കരാർ പുതുക്കുന്ന സംഗതിയിലും 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന കടമുറികൾ വാടകയ്ക്ക് എടുത്തവർ 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല.

| ക്രമ നം | പേര് /മേൽവിലാസം |
|---|---|
| 1 | മാനേജർ,<br>കെ എസ് എഫ് ഡി സി<br>നൂറടി |
| 2 | ചീഫ് അക്കൗണ്ട്സ് ഓഫീസർ<br>ബിഎസ്എൻഎൽ<br>കൈകാട്ടി |

മേൽ സാഹചര്യത്തിൽ മുദ്രപത്ര വിലയായ 400 രുപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒഴിവാക്കി

## 3-2 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം--അപാകതകൾ സംബന്ധിച്ച്

തൻവർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

(l)ഗവ.ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണികൾ

പ്രോജ.നം. ടേ028/15

അടങ്കൽ-15 ലക്ഷം(എം.ജി.ഗ്രാന്റ്-നോൺ റോഡ്)

അഗ്രിമെന്റ്-34/14-15 തിയ്യതി.25-3-2015

എം.ബുക്ക് നം.40/14-15

ബിൽ നം.13/30-1-16 തുക-12,65,084/-

കരാറുകാരൻ-കെ.ഉണ്ണികൃഷ്ണൻ

നൂറടിയിൽ സ്ഥിതിചെയ്യുന്ന നിലവിലുള്ളകെട്ടിടത്തിനു മുകളിൽ ഒരുനില കൂടി പണിത് രോഗികൾക്ക് കിടത്തി ചികിൽസയ്ക്ക് വേണ്ടതായ സൗകര്യം ഒരുക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ വർക്ക് ഫയൽ പരിശോധിക്കുകയും, നേരിട്ട് സ്ഥലം സന്ദർശിക്കുകയും ചെയ്തപ്പോൾ ബോധ്യപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. കിടത്തി ചികിൽസയ്ക്കാവശ്യമായ സൗകര്യങ്ങളൊന്നും പ്രസ്തുത ഹാളിൽ സജ്ജീകരിച്ചിട്ടില്ല.
2. ഇലക്ട്രിക്കൽ-പ്ലംബിംങ് പ്രവൃത്തികൾ ഒന്നും തന്നെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാത്ത്റൂം സൗകര്യവും ഒരുക്കിയിട്ടില്ല.
3. അവശരായ രോഗികൾക്ക് എത്തിപ്പെടുക പ്രയാസമായവിധം അശാസ്ത്രീയമായി മുകൾനിലയിൽ കെട്ടിടം നിർമ്മിച്ച് പ്രവേശനത്തിനായി ഇരുമ്പു ഗോവണി ഏർപ്പെടുത്തിയിരിക്കുന്നു.
4. ആർക്കും പ്രയോജനം ചെയ്യാത്തവിധം കെട്ടിടം പ്രവർത്തന രഹിതമായി പൂട്ടിയിട്ടിരിക്കുന്നു.
5. പദ്ധതിപ്പണം പാഴ്ചെലവായി അവശേഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ കെട്ടിടം ഉപയുക്തമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക12,65,084/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

3-2 (i) പുലയൻപാറ ജംങ്ഷൻ നവീകരണം (ഇടതുവശം)

പ്രോജ.നം. ടേ 128/2016

അടങ്കൽ-3,30,000/- (വികസനഫണ്ട്)

അഗ്രിമെന്റ്-13/15-16 തിയ്യതി.29-7-2015

എം.ബുക്ക് നം.4/15-16

ബിൽ നം.31/31-3-16 തുക-3,29,934/-

കരാറുകാരൻ-എം.സുലൈമാൻ

(ii)പുലയൻപാറ ജംങ്ഷൻ നവീകരണം(വലതുവശം)

പ്രോജ.നം. ടേ 127/2016

അടങ്കൽ-2,10,000/- (വികസനഫണ്ട്)

അഗ്രിമെന്റ്-14/15-16 തിയ്യതി.29-7-2015

എം.ബുക്ക് നം.5/15-16

ബിൽ നം.29/31-3-16 തുക-2,07,921/-

കരാറുകാരൻ-അബൂബക്കർ സിദ്ദിഖ്

പുലയൻപാറയിലുള്ള ഓറഞ്ച് ഫാമിന് മുന്നിലുള്ള പി.ഡബ്ല്യ.ഡി.റോഡിനിരുവശത്തുമുള്ള സ്ഥലം കോൺക്രീറ്റിംങ് ചെയ്ത് വാഹന പാർക്കിംങ്ങി നാവശ്യമായ സ്ഥലം സജ്ജീകരിക്കുന്നതിനാണ് പ്രോജക്ടിൽ വകയിരുത്തി ചെലവ് ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശം പൊതുമരാമത്തു വകുപ്പിന്റെ റോഡിനിരുവശത്തുമാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിന്റേതോ, വിട്ടുകിട്ടിയതോ അല്ലാത്ത സ്ഥലത്ത് പദ്ധതിപ്പണം വിനിയോഗിക്കുന്നത് ക്രമവിരുദ്ധമാണ്. ആയതിനാൽ ഇരു പ്രോജക്ടുകളിലുമായി ചെലവഴിച്ച 537855/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ പറഞ്ഞ പ്രവൃത്തികളുടെ അപാകതകൾ സംബന്ധിച്ച് 09/12/2016 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ലഭിച്ചില്ല.

## 3-3 പിൻവലിച്ച തുക ചെലവഴിച്ചതിന്റെ അനുബന്ധരേഖകളില്ല - തുക നിരാകരിക്കുന്നു

2015-16 ലെ വൌച്ചറുകൾ പരിശോധിച്ച പ്പോൾ 2015 മെയ് മാസത്തിൽ 7/2012 മുതൽ 2/2015 വരെയുള്ള ക്ഷാമബത്ത കുടിശ്ശികയായി 179791/-രൂപ നൽകിയതിന്റെ ഡ്യൂ ഡ്രോൺ പട്ടിക, അക്വിറ്റൻസ്, ഓഫീസ് പ്രൊസിഡിങ്ങ്സ് എന്നിവ ലഭ്യമാക്കാത്തതിനാൽ വിതരണത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പേയ്മെന്റ് ഓർഡർ, പേമന്റ് വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നമ്പർ 5/2-12-2016) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ചെലവഴിച്ച 179791/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഉപഭോഗമില്ലാത്ത വൈദ്യുതി കണക്ഷനുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നതു മൂലം പഞ്ചായത്ത് ഫണ്ടിന് ചെലവ് 55536/-രൂപ തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ചാർജിനത്തിൽ ധാരാളം തുകകൾ വൈദ്യുതി ബോർഡിലേക്ക് നൽകിയതായി കാണാൻ കഴിഞ്ഞു. പല കൺസ്യൂമർ നമ്പറിലുള്ള കണക്ഷനുകളിലും വൈദ്യുതി ഉപഭോഗമില്ലാതെ തന്നെ വൈദ്യുതി ചാർജിനത്തിൽ വലിയൊരു സംഖ്യ വൈദ്യുതി ബോർഡിലേക്ക് ഒടുക്കുന്നുണ്ട്. താഴെ പട്ടിക കണ്ടാലും.

| കൺസ്യൂമർ നമ്പർ | ഇനീഷ്യൽ റീഡിങ്ങ് | നിലവിലെ റീഡിങ്ങ് | ഉപഭോഗം | വൈദ്യുതി ചാർജ് | ഇലക്ട്രിസിറ്റി ബില്ല് നമ്പർ/തിയതി | പേമന്റ് വൗച്ചർ നമ്പർ /തിയതി |
|---|---|---|---|---|---|---|
| 2329 | 28 | 28 | 0 | 92 | 96260/ 8-4-15 | 2150010/ 9-4-15 |

| | | | | | | |
|---|---|---|---|---|---|---|
| 2331 | 8 | 8 | 0 | 92 | 96261/<br>8-4-15 | |
| 2289 | 337 | 337 | 0 | 45 | 96274/<br>8-4-2015 | |
| 2330 | 4 | 4 | 0 | 92 | 96275/<br>8-4-15 | |
| 1839 | 2216 | 2216 | 0 | 115 | 95963/<br>6-4-15 | |
| 1682 | 6752 | 6752 | 0 | 115 | 95959/<br>1-3-15 | |
| 1567 | 2273 | 2273 | 0 | 270 | 95958<br>/6-4-15 | |
| 2440 | 678 | 678 | 0 | 115 | 95989/<br>6-4-15 | |
| 2432 | 1988 | 1988 | 0 | 135 | 95987/<br>6-4-15 | |
| 2097 | 6229 | 6229 | 0 | 115 | | |
| 564 | 12170 | 12170 | 0 | 590 | 216030085/<br>1-3-16 | 21500396/<br>8-3-2016 |
| 553 | 2164 | 2164 | 0 | 152 | 2160300087/<br>1-3-2016 | |
| 555 | 350 | 350 | 0 | 152 | 2160300089/<br>1-3-16 | |
| 556 | 5124 | 5124 | 0 | 152 | 216030090/<br>1-3-16 | |
| 557 | 508 | 508 | 0 | 712 | 2160300091/<br>1-3-16 | |
| 574 | 7 | 7 | 0 | 93 | 2160300229/<br>1-3-16 | - |
| 2532 | 5 | 5 | 0 | 118 | 1512160300368/<br>4-3-2016 | |
| 2527 | 32012 | 32012 | 0 | 116 | 6512160300367/<br>4-3-2016 | |
| 2513 | 22545 | 22545 | 0 | 115(അഡ്വാൻസ്<br>നിക്ഷ്യപം<br>5904/-രൂപ<br>കെ.എസ്.ഇ.ബി<br>യിൽനിക്ഷപമുണ്ട്) | 6512160300366/<br>4-3-2016 | |
| 1682 | 6752 | 6752 | 0 | 115 | 95959/<br>6-4-2015 | |
| 1567 | 2273 | 2273 | 0 | 270 | 95958/<br>6-4-2015 | |
| 556 | 5124 | 5124 | 0 | 152 | 65121260300090/<br>1-3-2016 | |
| 564 | 12170 | 12170 | 0 | 590 | 651260300085/<br>11-3-2016 | |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | | 4628 | | |

പ്രതിമാസം 4628/_(ലഭ്യമായ രേഖകൾ പ്രകാരം ) വെച്ച് പ്രതി വർഷത്തിൽ 55536/-രൂപയുടെ പാഴ് ചെലവുണ്ടാവുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ തുക 55536/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1.1) മുകളിൽ പരാമർശിച്ച് കൺസ്യൂമർ നമ്പറുകൾ ഏതെല്ലാം പദ്ധതികളുടേത്?, സ്ഥാപനങ്ങളുടെതാണ് ? അവയുടെ പേര് കണക്ഷൻ ലഭിച്ച തിയതി, കണക്ഷൻ ലോഡ്, പ്രവർത്തിക്കാത്തത് എന്ന് മുതൽ എന്നി വിവരങ്ങൾ നൽകേണ്ടതാണ്.

1. 2. ഉപഭോഗമില്ലാത്ത ഈ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷനുകൾ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതെന്ത് കൊണ്ട്?

1. 3. മുകളിൽ പരാമർശിച്ചതല്ലാതെ വേറെയേതല്ലാം കണക്ഷനുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നുണ്ട്?
   4. ഇവയുടെ പ്രവർത്തനത്തിന് വേണ്ടി വന്ന മറ്റ് ചെലവുകൾ എന്തെല്ലാമാണ്?

1.5) തനത് ഫണ്ട് വളരെ കുറവായ പഞ്ചായത്തിൽ നിന്നുള്ള ഇത്തരം പാഴ് ചെലവുകൾ ശ്രദ്ധിക്കാതെ ചെലവു ചെയ്തതെന്തു കൊണ്ട്.

പ്രവർത്തിക്കാതെ കിടക്കുന്ന ഇത്രയും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്. കൂടാതെ അടിയന്തരമായി ഈ കണക്ഷനുകൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബി.യോടാവശ്യപ്പെട്ട് കണക്ഷനുകൾ റദ്ദാക്കേണ്ടതാണ്. ബാക്കി നിൽക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറി പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവ് ഒഴിവാക്കേണ്ടതാണ്.

# **3-5** തെരുവു വിളക്കുകളുടെയും ,കുടിവെള്ളപദ്ധതികളുടെയും വൈദ്യുതി ചാർജ് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരം പദ്ധതി വെച്ച് ചെലവഴിക്കുന്നു,**1204875/-** രൂപ തനതു ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യേണ്ടതാണ്

പദ്ധതി നമ്പർ 7/2016

അടങ്കൽ 1500000/-(മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് 1204875/-

(17-7-2015 433968/-

27-3-2016 770967/-)

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെയും ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്ത കുടിവെള്ളപദ്ധതികളുടെയും കറന്റ് ചാർജുകൾ തനതു ഫണ്ടിൽ നിന്നും ഒടുക്കിയതിന് ശേഷം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ഫണ്ടിൽ നിന്നും പദ്ധതി പ്രകാരം തനതു ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടുണ്ട് .ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ടി തുക അടിയന്തരമായി സർക്കാരിലേക്ക് തനതു ഫണ്ടിൽ നിന്നും റീക്ലപ്പ് ചെയ്ത് തിരിച്ചടക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഉത്തരാവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലൊടുക്കേണ്ടതാണ്

തെരുവ് വിളക്കുകളും കുടിവെള്ള പദ്ധതികളും സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി പാലിക്കേണ്ടതാണ്.

1)തെരുവ് വിളക്കുകളുടെ എണ്ണം ,തരം എന്നിവ തിട്ടപ്പെടുത്തുന്നതിനായി കെ.എസ്.ഇ,ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി യഥാർത്ഥത്തിലുള്ള വിളക്കുകൾക്കാണ് വൈദ്യുതി ചാർജ് ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.കൂടാതെ തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് നടത്തേണ്ടതുമാണ്.

2) പഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളിൽ ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്ത കുടിവെള്ള പദ്ധതികളുള്ള പ്രദേശത്തെ ജനങ്ങളെ ഉൾപ്പേടുത്തി ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് അടിയന്തരമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈ മാറേണ്ടതാണ് .

## 3-6 തെരുവ് വിളക്ക് റിപ്പയർ അപാകതകൾ

2015-16 ലെ സ്ടീറ്റ് ലൈറ്റ് റിപ്പയർ
പദ്ധതി നമ്പർ 78/2016
ചെലവ് 147276/31-3-2016

ഡി.ഡി നമ്പർ 808554/5-4-2016, എസ്.ബി.ടി, കൊല്ലംകോട് വിഷൻ ഇലക്ട്രിക്കൽസ് (സൺ എനർജീസ്) തൃപ്പാളൂർ എന്ന സ്ഥാപനത്തിന് എ.എം.സി,നല്കിയതും തുക ചെലവഴിച്ചതും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകളുണ്ട്.

1.1) കരാർ ലഭിച്ച വ്യക്തിയിൽ നിന്നും 10% emd വാങ്ങിയിട്ടില്ല (ഹാജരാക്കിയ രേഖകൾ പ്രകാരം)

1.2) തദ്ദേശസ്വയംഭരണ വകുപ്പിന്റെ തെരുവ് വിളക്കുകളുടെ റിപ്പയർ സംബന്ധിച്ച സർക്കുലറിൽ നിർദ്ദേശിക്കുന്ന പരാതി രജിസ്റ്റർ ഇല്ല.

1.3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-9-2011 3055/DA3/2011 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളിലെ കരാറുകാരൻ കെ.എസ്.ഇ.ബിയിലെ അംഗീകാരമുള്ള കരാറുകാരനാണെന്ന

തെളിയിക്കുന്ന സാക്ഷ്യപത്രമില്ല. കരാർ രജിസ്റ്ററില്ല.

1.4) കരാറുകാരൻ റിപ്പയറിങ്ങിനായി ഐ.എസ്.ഐ. സർട്ടിഫിക്കറ്റുള്ള സാധനങ്ങളാണ് ഉപയോഗിച്ചതെന്ന് മനസ്സിലാക്കാൻ വാങ്ങിയ ബില്ലുകളില്ലാത്തിനാൽ സാധിക്കുന്നില്ല. കൂടാതെ വിളക്കിന്റെ കേട് ഏത് തരത്തിലാണെന്നും (കാരണം എന്താണെന്ന് പറയുന്നില്ല) കൂടാതെ സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

1.5) മോണിറ്ററിങ്ങ് സമിതിയുടെ മിനട്സ് ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുകകൾ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്

1.6) പഞ്ചായത്ത് പ്രദേശത്തുള്ള തെരുവു വിളക്കുകളുടെ എണ്ണം, തരം, എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിലില്ലാത്താതിനാൽ കരാറുകാരന്റെ അവകാശവാദം അംഗീകരിക്കാൻ നിർവാഹമില്ല.

1.7) കെ.എസ്.ഇ.ബി.അസിസ്റ്റന്റ് എൻജിനീയറുടെ സാക്ഷ്യപത്രമില്ല.

മുകളിൽ പറഞ്ഞ അപാകതകൾ കാരണം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾ ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-7 | 2011-12 | 2-7 | പഴം സംസ്കരണ കേന്ദ്രം നിഷ്ക്രിയം | തീർപ്പായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15650501 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97187966 |
| വരവിനങ്ങളിലുള്ള നഷ്ടം | 400/- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 650000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 400 | പി.രാജു, സെക്രട്ടറി |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(i) | 1265084 | ശ്രീ. പി. മനോജ്കുമാർ അസി. എഞ്ചിനീയർ |
| 3-2(ii) | 6,50,000 | ശ്രീ. വി.എച്ച്.അബ്ദുൾകരീം, അസി. എഞ്ചിനീയർ |
| 3-3 | 179791 | ശ്രീ. പി. രാജു. സെക്രട്ടറി |
| 3-4 | 55536 | -ടി- |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി.12-428/07/ 5-9-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി.10-1745/01/ 2-8-2011 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി.12-430/07/ 12-9-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-2000 | എൽ.എഫ്.പി.12-1279/07/ 4-5-2007 | കത്ത് |
| 2000-01 | എൽ.എഫ്.പി.12-432/07/ 12-9-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.പി.12-433/07/ 22-10-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി.12-434/07/ 12-10-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.12-435/07/ 12-10-2007 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.18-984/10/ 10-1-2012 | ഫർദർ റിപ്പോർട്ട് |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി.18-985/10/ 10-1-2012 | ഫർദർ റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.പി.18-986/10/ 10-1-2012 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി.18-987/10/ 10-1-2012 | ഫർദർ റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.18-1620/13/ 3-12-2013 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10<br>2010-11 | എൽ.എഫ്.പി.18-1620/13/ 3-12-2013 | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി.18-1248/13/ 3-12-2013 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.18-634/15/08.07.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | കെ.എസ്.എ-പി.കെ.ഡി-18/1009/16/ 14-07-16 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സഹ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി18/121/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നെല്ലിയാംപതി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെല്ലിയാംപതി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. കെട്ടിടനികുതി, കെട്ടിടവാടക, തൊഴിൽനികുതി, ലൈസൻസ് ഫീ തുടങ്ങിയവരവിനങ്ങളുടെ വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. വിവിധ ഫണ്ടിനങ്ങളുടെ വരവുകൾ ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD18/121/2017

Kerala State Audit Department
District Audit Office
Palakkad
Dated – 31.01.2017

## Audit Certificate

Certified that I have examined the Annual Financial Statement of NELLIYAMPATHY GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of NELLIYAMPATHY GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

## Abstract of defects

1. The details of accounts of building tax, building rent ,profession tax and licence fee registers are not reconcilled with the annual financial statement submitted for audit.
2. Funds received during the financial year are not reconcilled with Appropriation control registe and Annual Financial Statement.
3. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director